പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1935

25.03.2013-ൽ മറുപടിക്ക്.

# സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട് ; എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | : | (എ) സംസ്ഥാനത്ത് നിലവിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അത് തിരുവനന്തപുരത്ത് പട്ടത്തുള്ള സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിലാണ്. |
| (ബി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുള്ള പ്രത്യേക സെൽ പോലീസിൽ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ; സെല്ലിന്റെ ഘടന വിശദമാക്കുമോ ; | : | (ബി) 2008 മുതൽ എല്ലാ ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. അതാത് ജില്ലാ പോലീസ് മേധാവികൾ നിയമിക്കുന്ന പോലീസ് ഉദ്യോഗസ്ഥരാണ് പ്രസ്തുത സെല്ലുകളിൽ പണിയെടുത്തുവരുന്നത്. |
| (സി) സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയതു ; എത്ര കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ് ; എത്ര കേസ്സുകളിൽ പ്രതികളെ കോടതി ശിക്ഷിച്ചിട്ടുണ്ട് ; എത്ര പേരെ കോടതി വെറുതെ വിട്ടു ; | : | (സി) സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ 3512 പരാതികൾ ലഭിച്ചിട്ടുണ്ട് ; 634 കേസ്സുകൾ രജിസ്റ്റർ ചെയതു ; 238 കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ് ; 2 കേസ്സുകളിൽ പ്രതികളെ കോടതി ശിക്ഷിച്ചിട്ടുണ്ട് ; 2 പേരെ കോടതി വെറുതെ വിട്ടു ; |
| (ഡി) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു-വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; ഏതെല്ലാം രീതിയിലുള്ള കുറ്റകൃത്യങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് വ്യക്തമാക്കാമോ ? | : | (ഡി) സൈബർ കുറ്റകൃത്യങ്ങൾ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിച്ച പരാതികളിൽ കൂടുതലും സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിലൂടെയുള്ള അപകീർത്തിപ്പെടുത്തലും ഇ-മെയിൽ വെബ്സൈറ്റ് ഹാക്കിംഗ്, മൊബൈൽ ഫോൺ ദുരുപയോഗം, ഫിനാൻഷ്യൽ ഫ്രോഡ് തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ്. |

സെക്ഷൻ ഓഫീസർ